# Allons-y

## DIGITAL MAGAZINE

G.B.H.S.S CHERUKUNNU



*

# ALLONS-Y

## DIGITAL MAGAZINE

**2019-20**




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

*

***Lets go***

# Table of Contents

ആമുഖം....4
സ്കൂൾ ചരിത്രം....6
About Kites....8
കുട്ടികളുടെ രചനകൾ....9
കൂട്ടുകാരി....9
കോഴി....10
എന്റെ നാട് കേരളം....11
പൂമരം....12
ഞാൻ – മാധവ്....13
കാണാക്കാഴ്ചകൾ....14
യാത്രാവിവരണം....15
TO....15
MYSORE....15
ഉപന്യാസം....18
നന്മകൾ നിറയും നാളേക്കായ്....18
കവിത....19
ഒന്നാണ് നമ്മൾ....19
അദ്ധ്യാപകരുടെ ശ്രുഷ്ടികൾ....21
ശിഷ്യൻ....21
കാവലാൾ....23
വീടു തേടി....24
ദാരോത്തെ കുളം....30
ഇരുളകറ്റുക ....38
ശരശയ്യ....40
ചിത്രങ്ങൾ....42
ജിമ്പിൽ വരച്ച ചിത്രങ്ങൾ....42
പെൻസിൽചിത്രങ്ങൾ....43
Unit G.B.H.S.S....44
ചാമ്പ്യൻമാർ....45





# ആമുഖം

കൂട്ടുകാരേ,

2019-20 വർഷത്തെ Little Kites ന്റെ Activity യുടെ ഭാഗമായി ഉണ്ടാക്കിയ Digital Magazine നിർമ്മാണ പ്രക്രിയയിൽ നമ്മുടെ സ്കൂളിലെ പല കലാകാരൻമാരുടെയും കലാസൃഷ്ടിയും കഴിവുകളും തെളിയിച്ചു കൊണ്ട് നാം നമ്മുടെ സ്കൂളിന്റെ Magazine നിർമിച്ച് Kites ന്റെ Activity യുടെ ഭാഗമായി നാം ഇത് നിങ്ങൾക്ക് സമർപ്പിക്കുന്നു. കുട്ടികളിൽ അന്തർലീനമായ കഴിവുകൾ കണ്ടെത്തുന്നതിനും അവ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു വേദികൂടിയായി മാറുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.


Digital Magazine രംഗത്ത് ജി.ബി.എച്ച്.എസ്.എസ് ചെറുകുന്നിന്റെ ആദ്യ കാൽവെയ്പ്പായ എല്ലാവരുടെയും പ്രോത്സാഹവും പ്രതീക്ഷിച്ചുകൊണ്ട് നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

ശോവിത്ത് കെ പി

IX-F

ചീഫ് എഡിറ്റർ

പത്രാധിപസമിതി





# പത്രാധിപസമിതി

പത്രാധിപൻ : ശോവിത്ത് കെ പി

സഹപത്രാധിപൻ : പ്രജിത്ത്

അംഗങ്ങൾ : വൈഭവ്

ശ്രീരാഗ്

ആദിൽ ശിമി

മിസ്ഹബ്

ഹരിനാഥ്

ചിത്രീകരണം : നവനീത് കുമാർ പി വി

മുബഷിർ സി പി

ആദിത്ത് കെ പി

അമൽ കൃഷ്ണ എം

ആകാശ് കൃഷ്ണ

# സ്കൂൾ ചരിത്രം

1918 ൽ ചിറക്കൽ രാജാവ് സ്ഥാപിച്ച കുടിപ്പള്ളിക്കൂടമാണ് ഇന്നത്തെ ചെറുകുന്ന് ഗവ. ഹയർസെക്കണ്ടറി സ്കൂളായി വളർന്നത്. 1918 ൽ ഈ കുടിപ്പള്ളിക്കൂടം ഡിസ്ട്രിക്ട് ബോർഡിനു കീഴിലുള്ള ഒരു മിഡിൽ സ്കൂളായിരുന്നു. പിന്നീട് നാട്ടുകാരുടെ ഉത്സാഹവും ശ്രീ. കെ. വി നാരായണൻ മാസ്റ്ററുടെ (കമ്പ്യൻ നാരായണൻ മാസ്റ്റർ) നേതൃത്വവും ഒത്തു ചേർന്നപ്പോൾ ഈ വിദ്യാലയം ഹൈസ്കൂളായി ഉയർന്നു.

1924 ൽ ഓല ഷെഡിൽ പ്രവർത്തിച്ച കൊണ്ടിരുന്ന ഈ വിദ്യാലയം 1925 ൽ കത്തി നശിച്ചതിനെത്തുടർന്ന് സ്കൂൾ പുനർനിർമ്മാണ കമ്മിറ്റി രൂപീകരിക്കപ്പെട്ടു. അങ്ങനെ ഗ്രാമവാസികളുടെയും ഡിസ്ട്രിക്ട് ബോർഡിന്റെയും സഹകരണത്തിലൂടെ 1927 ൽ നിർമ്മിക്കപ്പെട്ടതാണ്. ഈ വിദ്യാലത്തിന്റെ മെയിൻ ബ്ലോക്ക്. ഇന്ന് ശതാബ്ദി കഴിഞ്ഞു നിൽക്കുന്ന ഈ കെട്ടിടത്തിലാണ് പതിനായിരക്കണക്കിന് വരുന്ന ചെറുകുന്ന് നിവാസികൾ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കിയത്.

1965, 66,67 കാലഘട്ടങ്ങളിൽ 3500 ലേറെ വിദ്യാർത്ഥികൾ പഠിച്ചിരുന്ന ഈ വിദ്യാലയം ഏറെക്കാലം ഷിഫ്റ്റ് സമ്പ്രദായത്തിലും പ്രവർത്തിച്ചിരുന്നു. 1979. 80 കാലയളവിൽ അസൗകര്യം കുറക്കുന്നതിന്റെ ഭാഗമായാണ് ജി. ബി.

എച്ച്. എസ്. എസ്. , ജി. ജി. വി. എച്ച്. എസ്. എസ്. എന്നീ രണ്ടു സ്കൂളുകളായി പ്രവർത്തിക്കാൻ തുടങ്ങിയത്. ജി.ജി.എച്ച്.എസിന് പുതിയ പുതിയ കെട്ടിടങ്ങളുണ്ടായി എന്നാൽ ബോയ്സ് സ്കൂൾ പഴയ കെട്ടിടത്തിൽ തന്നെ ഇന്നു പ്രവർത്തിച്ചു വരുന്നു

അൺ എയ്ഡഡ് സ്കൂളുകളുടെ പ്രളയത്തിൽ പൊതു വിദ്യാലയങ്ങൾ മുങ്ങിപ്പോകുമ്പോഴും ചെറുകുന്ന് ജി. ബി. എച്ച്. എസ് ഇപ്പോഴും തലയുയർത്തി നിൽക്കുകയാണ്. 2000 ൽ ഹയർസെക്കണ്ടറി ആരംഭിച്ചതോടെ കെട്ടിടത്തിന്റെ അപര്യാപ്തത ഏറ്റവും രൂക്ഷമായി.


ടി. സി നാരായണൻ നമ്പ്യാർ, മുൻ ീമുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ, ഡോ. കെ. സി നമ്പ്യാർ, എഫ്.ആർ.സി.എസ്, മഗ്സാസെ അവാർഡ് ജേതാവ് ഡോ. പി. പി. നാരായണൻ, എയർ ഇന്ത്യ ചെയർമാൻ രമേഷ് നമ്പ്യാർ തുടങ്ങി ഒട്ടേറെ പ്രഗത്ഭമതികൾ പഠിച്ച ഈ വിദ്യാലത്തിൽ 1927 ന് ശേഷം 2008 നാണ് ഒരു ലാബ് ലൈബ്രറി സമുച്ചയം ലഭിച്ചത്.

ഇത്രയും പരിമിതി അനുഭവിക്കുമ്പോഴും പാഠ്യപാഠ്യേതര മേഖലകളിൽ ശ്രദ്ധേയമായ വിജയം കൈവരിക്കാൻ വിദ്യാലത്തിന് കഴിയുന്നുണ്ട്. കലാകായികമേളകൾ, ശാസ്ത്രമേള എന്നിവയിൽ സബ് ജില്ലാ - ജില്ലാ - സംസ്ഥാന തലങ്ങളിൽ വിജയമുദ്ര പതിപ്പിക്കാൻ എല്ലാ വർഷങ്ങളിലും വിദ്യാലത്തിന് കഴിഞ്ഞിട്ടുണ്ട്.

## സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം

**വിദ്യാഭ്യാസ ജില്ല : കണ്ണൂർ**

**ഉപജില്ല : മാടായി**






# About Kites

The Kerala infrastructure and technology for education (KITE) Little Kites project which have became the largest student IT network in India is all set for expansion

Kite have invited application from government and aided school that currently have no little kites it clubs. The little kites it club has over 58000 members in 1898 schools.

The student members would be given special training for at least 4 hours a month.

The scope of little kites would include proper up-keeping of ICT [Information and communication technology] equipment in schools, computer literacy for parents, single-window help desk special ICT training for differentially abled, installation of free and open software (FOSS) based operating system and application for public, digital mapping, cyber safety check and awareness, updates in school wiki, conduct of IT camps and development of news and documentaries for news and documentaries for VICTERS educational channel.







**കുട്ടികളുടെ രചനകൾ**

# കൂട്ടുകാരി

അറിയുന്നു സഖി
നിന്റെ കണ്ണിലെ നൊമ്പരം
ഇറ്റു വീഴുവാൻ
വെമ്പുന്ന ജലകണം
ഒരു പുഞ്ചിരിയാൽ നീ
പാടേ മറച്ചതും
മറു ചിരിയാൽ നീ
പൊട്ടി ചിരിച്ചതും
നിൻ മനസ്സിൽ വരച്ചിട്ട ചിത്രങ്ങൾ
പുതു നിറവർണ്ണങ്ങൾ
നൽകുവാൻ മറന്നതും
പലതും പറയാതെ
പറയുവാൻ വേണ്ടി
നിൻ മൗനം
മറയായ് തീർന്നതും
ഇരുളിൽ നിൻ നിഴലിനെ
തേടി തിരഞ്ഞതും
അറിയുന്നു സഖീ നിന്നെ
ഞാൻ..........



രാഹുൽ ഇ (X-E)





# കോഴി

വെളുപ്പിന് കൂവും ചങ്ങാതി
നിദ്രയിൽ നിന്ന് ഉണർത്തും ചങ്ങാതി
രാവിലെ മുട്ടയിടും ചങ്ങാതി
കുഞ്ഞുങ്ങളെ എഴുന്നേൽപ്പിക്കും ചങ്ങാതി



രാവിലെത്തന്നെ കൂട്ടിനവെളിയിൽ
കുഞ്ഞുങ്ങളെക്കൂട്ടി ഇറങ്ങും ചങ്ങാതി
കൂവി പ്പാഞ്ഞ് നടക്കും ചങ്ങാതി
ഇരതേടി നടക്കും ചങ്ങാതി

സന്ധ്യയാകുമ്പോൾ കൂട്ടിലെത്തും ചങ്ങാതി
ആരാണീ ചങ്ങാതി? നമ്മുടെ കോഴിച്ചേച്ചി

Dinshad V. T
VII-C

# എന്റെ നാട് കേരളം



എന്റെ നാട് ഇത് കേരളം
നന്മ നിറഞ്ഞൊരു കേരളം
ദൈവത്തിൻ സ്വന്തം നാട്
കേരളം
പ്രകൃതി സുന്ദര കേരളം
മല നിരകൾ ആടും കേരളം
പച്ചപ്പ് നിറഞ്ഞൊരു കേരളം
പുഴ കൊലുസാട്ടുന്ന കേരളം
എന്നും എന്റെ സ്വന്തം കേരളം

by
Devang TD
VII C

# പൂമരം




പൂമരം ചാഞ്ഞുലഞ്ഞു
പൂമ്പൊടി വീശിനിന്നു
പൂവായ് വിടർന്നിന്നു
കാറ്റിൽ ആടിയുലഞ്ഞു

താങ്ങായ് നിവർന്നുനിന്നു
സുഗന്ധം പരത്തിത്തന്നു
തണലായിമാറി വന്നു
കുളിരായികാറ്റു വന്നു

പ്രകൃതിയിൽ ഭംഗി നൽകി-
യെന്റെ പൂമരം
പൂമരം ചാഞ്ഞുലഞ്ഞു
പൂമ്പൊടി വീശിനിന്നു

ഷിഫാസ് .ഇ .ടി
8A





# ഞാൻ – മാധവ്



ഓണം വന്നാലുടൻ ഓണപ്പൂക്കൾ
വാരിക്കോരി ഞാൻ പുണരും
അവ എന്നെയും പുണരും
ഓണത്തപ്പനെ വരവേൽക്കും
ഓടി ചാടി രസിക്കും ഞാൻ

കുട്ടികളെവിടെ  ജമന്തിതൻ
മൊട്ടുകളെവിടെ കുഞ്ഞനുജനെവിടെ?

ഓണപ്പൂക്കളമൊരുക്കാന-
ച്ഛനമമ്മയുമെവിടെ ?
എനിക്കച്ഛനമമ്മയുമെവിടെ
മഹാബലി തമ്പുരാനെഴുന്നള്ളാറായമ്മെ
നിൻ നല്ല രുചിയുള്ള സദ്യയെവിടെ

സിദ്ധാർത്ഥ് സുരേഷ് .പി .വി


**8-A**

# കാണാക്കാഴ്ച്ചകൾ



നിന്നെ കാണാൻ കാത്തിരിക്കും
പക്ഷെ നിന്നെ കാണാൻ എനിക്ക്
കാഴ്ചയില്ല
നിന്നടെ അടുത്ത് വരാൻ പറ്റില്ല
കാരണം നിന്റെ അടുത്ത് വരാൻ കാഴ്ചയില്ല
നിന്നെ ഒന്നു തൊടാൻ ഒരു മോഹം ഉണ്ട്
പക്ഷെ നിന്നെ തൊടാൻ എനിക്ക് കാഴ്ചയില്ല
നിന്നോടൊപ്പം കളിക്കാൻ എനിക്ക് മോഹം ഉണ്ട്
പക്ഷെ നിന്നോടൊപ്പം കളിക്കാൻ എനിക്ക് കാഴ്ചയില്ല
ഒരു നാൾ ഈ ലോകം ഞാൻ കാണും അതുവരെ-
ഞാൻ കാണാക്കാഴ്ച്ചകളായി കണ്ടോളാം

SIDHATH KRISHNA KUMAR
8B





യാത്രാവിവരണം

# TO

# MYSORE

On 20/11/2018 our school was going to a study tour to Mysore with students of $9^{th}$ and $10^{th}$ . Majority of them was of students of $10^{th}$ only 8out of 88 were the students of $9^{th}$ standard.

After giving all the instruction and dividing us in groups
we started our journey on 10pm there was 2 buses in which almost 10 teachers was there in the bus . All of us was dancing in the bus the bus shook when it stopped. It was great fun in the bus. All of us found that their energy are getting down so we stopped dancing . Around at 11.30pm all of us were down ,But by that time we almost reached at Irity. When we were at the top of the mountain ,some of us were scared of height so for that reason Driver played a Film on the TV and by the end of it all of us had slept.

At around 6.30 am we reached on a site where we drank a tea and by 7 a.m we reached a resort .



At there we want to be split in 2 rooms with 4 children in a room but because of the lack of rooms we stayed in 1 room with 8 children in one room .We got washed, dressed up had breakfast and headed to Mysore Zoo. The zoo was about 5km long we want to walk all the way up to the end. Every thing was there rats to even anaconda ,the only thing which i noticed that there was no Cheetah in there. After that we had our lunch and went to Tippusulthan's museum and the place were Tippu was found dead, at there we also had tea and went to Kavery sangamam and then to the biggest garden in mysoor the Vrindavanam garden which was a wast garden under

a dam and there was a water show on there which was miraculous after all that days walking we head back to our resort had our dinner got the keys to our room and slept



The next day we did the days work and headed to ST. Filominas Cathedaral which had a under ground way to the inside of the church .After there we went to the great Mysoor palace in there we went to a temple in which one of our wishes will come true we all entered there and said our wishes,then we had our lunch and then went for shopping after that we went to the sand museum which was built by a 16 year old girl .At last we went to Chamundy hills and enjoyed a miraculous night view of Mysoor

After all our teachers surprisingly took us to a DJ club and we danced as much as we want after that we ate our dinner and slept in tje bus peacefully no one danced because all of us were exhausted and we slept nicely.

The next morning I woke up early. By that time we have reached Kannur and at 7.30 am we reached our school and then went to our home.

By
Adith K P 10 E

ഉപന്യാസം

# നന്മകൾ നിറയും നാളേക്കായ്...



ഭൂമി നമ്മുടെ അമ്മയാണ്. അതിനെ പരമാവധി ചൂഷണം ചെയ്തുകഴിഞ്ഞു. ഭൂമിയിൽ നിന്ന് എടുക്കുന്നത് എന്തൊക്കെയെന്നല്ലാതെ പകരം എന്തു കൊടുക്കാമെന്നതിനെപ്പറ്റി മനുഷ്യർ ആലോചിക്കാറില്ല. പരമാവധി ചൂഷണം ചെയ്യുക, മുറിക്കുക, ആഴത്തിൽ ഖനനം ചെയ്യുക, കടലിൽ നിന്ന് കിട്ടാവുന്നതെല്ലാം എടുക്കുക, മലകളെ ഇടിച്ചുതകർക്കുക, വെടിമരുന്നിട്ട് പാറക്കൂട്ടങ്ങളെ മുഴുവൻ പൊട്ടിച്ച് ചിതറിച്ച് ലോറികളിൽ കയറ്റി എങ്ങോട്ടൊക്കെയോ കടത്തുക, വയൽ നികത്തുക, കുന്നിടിക്കുക എന്നൊക്കെയാണ് മനുഷ്യരുടെ മനസ്സിൽ.

അത്യുന്നതങ്ങളായ കോൺക്രീറ്റ് സാധനങ്ങൾക്കൊണ്ട് ഭൂമിയെ ശ്വാസംമുട്ടിക്കുകയാണ് മനുഷ്യർ. വലിയ വ്യാവസായശാലകൾ, ലക്ഷക്കണക്കിന് വാഹനങ്ങൾ തുടങ്ങിയ ഒരുപാട് രാസപരീക്ഷണങ്ങൾ. ഇവയെല്ലാം ചേർന്ന് അന്തരീക്ഷത്തിലെ പ്രാണവായുവിനെ മലിനമാക്കിക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ ഭക്ഷണം മുഴുവൻ വിഷമായിക്കഴിഞ്ഞു. പച്ചക്കറികൾ തുടങ്ങിയവ വീട്ടിൽ കൃഷിചെയ്താൽ ഇതിൽ നിന്ന് നമുക്ക് രക്ഷനേടാം.

ഈ നാട്ടിൽ അതിവേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പച്ചപ്പ് നമ്മുടെ മനോഹാരമായ കാലാവസ്ഥ, നമ്മുടെ നദികൾ, ഇവയെല്ലാം തിരിച്ചുപിടിക്കാൻ നമുക്ക് കഴിയണം.

നവനീത് കുമാർ പി വി

X-C

**കവിത**

# ഒന്നാണ് നമ്മൾ


ദൈവത്തിൻ സ്വന്തംനാടെന്ന്
വാഴ്ത്തിയമാലോകരേവരും
തറികളും തിറകളും പൂക്കളും പുഴക്കളും
ആലോലമാടിടും നാളികേരത്തിന്റെ
നാടായ നാട്



ഈ കഥകൾ ഒക്കെയും മാഞ്ഞു ഇന്ന്-
കൊള്ളയും കൊലയും പീഡനവുംമായി
അങ്ങനെ അങ്ങനെ കാലംപലതായി
ഇന്നൊരു പൊന്നിൻ ചിങ്ങവുമായി
മഴയായും ഇടിയായും ഓണമെത്തി
രണ്ടുനാൾ കഴിഞ്ഞപ്പോൾ
മഴയും കനത്തുപോയി



ദിനം തോറും വെള്ളം കനത്തുവന്നു
ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയുമെല്ലാ-
തെ ഏവരും ഒന്നായി ഒരുമയായി
പേടിയും ആവലാതിയും വീടും-
വിശപ്പും പങ്കിട്ടെടുത്തവർ പങ്കുവെച്ചു





മഴ വേറെ തകർത്തു താറുമാക്കി
എങ്കിലും കേരളം ഒന്നായിനിന്നു
പുഞ്ചിരി ത്രുകെണ്ട ഓണമാസത്തിൽ
കാലനും പലകുറി വന്നുപോയി
എത്രപേരെ അവൻ കൊണ്ടുപോയി
എങ്കിലും കേരളം അതിജീവിക്കും
ഞങ്ങൾ പുതിയൊരുകേരളം പണിതുയർത്തു


by
MUBASHIR CP

അദ്ധ്യാപകരുടെ  ശൃഷ്ടികൾ

# ശിഷ്യൻ



ഒഴുകുന്ന കണ്ണീർ തുടച്ച - കൊണ്ടോ മനേ
നിഴലായി നീയന്ന കന്നിടുമ്പോൾ
ഒരു മന്ദഹാസത്തിലെല്ലാമൊതുക്കി ഞാൻ
പഠന പാഠങ്ങൾ നിരത്തിടുന്നു
പിൻബെഞ്ചുകാരനായ് പിന്നാക്കക്കാരനായ്
ഭിന്ന വർഗ്ഗങ്ങളിലൊന്നാമനായ്
നിന്നെ പ്രതിഷ്ഠിച്ച മാർക്കിട്ടു ചേർത്തെൻ്റെ
ഉദ്യോഗ നാട്യമുറപ്പിച്ച ഞാൻ
തെറ്റുകൾ കണ്ടു ഞാൻ കുറ്റങ്ങളേറ്റു നീ
പറ്റില്ലയല്ലാതെന്നൂറ്റമായ് ഞാൻ






കുഞ്ഞു കരങ്ങളിൽ താഡനം ചെയ്തു ഞാൻ
കൺനിറച്ചൊന്നു കരഞ്ഞില്ല ഞാൻ
കാലത്തെ ബെല്ലിലും സായാഹ്ന ഡ്രില്ലിലും
നീയെന്നുമെന്നിലന്നൊറ്റയാനായ്
മറ്റുള്ള മക്കളോ സംപൂജ്യരായ് മുന്നിൽ
നീയെനിക്കെന്നെന്നും വട്ടപ്പൂജ്യം
എന്നിട്ടുമെന്തിനോ എന്തായ് കൊതിച്ചെന്നെ

കൺമറയ്ക്കാ തുണ്ണീ നോക്കി നിൽപ്പൂ -
കുഞ്ഞിളം കാതും മിഴിയും നിറച്ചു നീ
അമ്മയായ് ചേർത്തു പുണർന്നുവെന്നോ
അറിയില്ല യേ തേ തു
നൂതന സങ്കൽപ്പ
മറിയാതെ നീയുള്ളിൽ കാത്തുവച്ചൂ
അറിയുന്നുവെങ്കിലുമോ മനെ ഞാനിന്നീ
അരുതുകൾക്കുള്ളിൽ ചടഞ്ഞിരിപ്പൂ
എന്റെ അതിരുകൾ കാത്തു തരിച്ചിരിപ്പൂ

By
Sreeja C T





# കാവലാൾ


"അതിരാണ് - ഞാൻ കാവലാണ് -
കണ്ണിൽ തിമിരവും കൊണ്ടാണ് നിൽപ്പും
നടപ്പും
കതിനകൾ പൊട്ടുന്ന നേരത്ത് നെഞ്ചിൽ
കടലൊന്നൊഴുക്കുന്ന കദനമാണ്'
"നിറമാണ് അമ്മ തൻ സ്വനമാണ്
നാടിന്ന-ഭിമാനമാകുവാൻ വീരനാണ്
മണമാണ് വീട്ടിന്ന ഭയമാണ് -
ജീവൻ വെടിയാതെയെത്തിയാൽ പുണ്യമാണ്
.



"നീ കാവലാളാണെങ്കിലോ - ഞാനുമെൻ സോദരാ
നീർക്കുമിള തുല്യമീ വേലിയിങ്കൽ
കണ്ണൊന്നു തെറ്റിയാൽ നിൻ
വെടിക്കോപ്പെന്റെ
കർണ്ണം തുളക്കുമതു നേരു തന്നെ
"അല്ലെങ്കിലും
നമ്മളെന്തിനാണിങ്ങനെ -
കണ്ണോടു കൺ ചേർത്തുനിൽപ്പു നിത്യം -
കണ്ണൊന്നടയ്ക്കു നീ കാവലാളാകാം ഞാൻ
നിന്നെയുറക്കുവാൻ പാട്ടു പാടാം മെല്ലെ -
രാവൊന്നുതിർക്കുവാൻ പാട്ടു പാടാം



By
Sreeja C T





# വീട് തേടി

സമയം 10.30 നാട്ടിലെത്തുമ്പോഴേക്കും ഒരുറക്കത്തിനുള്ള സമയം മുന്നിലുണ്ട്. എങ്കിലും കണ്ണിമ ചിമ്മാതെ, ബസിന്റെ സൈഡ് സീറ്റിലൂടെ പുറത്തെ അരണ്ട വെളിച്ചത്തിലെ കാഴ്ചകളിലേക്ക് കണ്ണും നട്ടിരുന്ന കിഷോർ. രണ്ടു വർഷങ്ങൾക്കു ശേഷം തിരികെയെത്തുന്ന തന്നെയും കാത്ത് അമ്മയും കുഞ്ഞു പെങ്ങളും കാത്തിരിപ്പുണ്ടാവും. അവന്റെ ചുണ്ടിലൊരു ചിരി തത്തിക്കളിച്ചു. റോഡരുകിലെ മരങ്ങൾ അതിവേഗം പിറകിലേക്ക് പാഞ്ഞുകൊണ്ടിരുന്നു. ഒപ്പം കിഷോറിന്റെ ചിന്തകളും.



നാലു ചുറ്റിനും, മെടഞ്ഞ ഓലകൾ വച്ച് മറച്ച ചുവരുകൾക്കുള്ളിൽ കഴിയുമ്പോഴാണ് അച്ഛൻ ആദ്യമായി ഒരു പുതിയ വീടിനെക്കുറിച്ച് പറഞ്ഞതിന്റെ അലയൊലികൾ പാതിയുറക്കത്തിലായിരുന്ന കുഞ്ഞു കിഷോറിന്റെ ചെവികളിൽ വന്നലച്ചത്. അന്ന് മുതൽ അവനും ആ സ്വപ്നത്തി By

അനിത ടി വി

ന്റെ തേരേറി. പുതിയ വീടിന്റെ കുറ്റിയിടൽ കർമ്മങ്ങൾ വളരെ ആഘോഷമായിത്തന്നെ നടന്നു. അന്ന് സ്കൂൾ വിട്ടു വരുമ്പോൾ തന്റെ സ്കൂളിലെ കൂട്ടുകാരെ മുഴുവൻ അവൻ കൂടെക്കൂട്ടി. തന്റെ പുതിയ വീടിനെക്കുറിച്ച് വാചാലനായി.തറയൊരുങ്ങിയതു മുതൽ അതിന്റെ മുകളിലായി കളി. കുഞ്ഞനിയത്തിക്കും തനിക്കും ഒരോരോ മുറികൾ തെരെഞ്ഞെടുത്ത് അവരതിൽ മണ്ണപ്പം ചുട്ടുകളിച്ചു. മനസ്സിനകത്ത് ആ തറയ്ക്കു മുകളിൽ ചുവരുകളും വാതിലുകളുമൊക്കെ പൊങ്ങി. പക്ഷേ പെട്ടെന്നൊരു ദിവസം കരിങ്കൽ ക്വാറിയിൽ തളർന്നു വീണ അച്ഛനെ താങ്ങിയെടുത്ത് വീട്ടിലെത്തിയ ആൾക്കാർക്കൊപ്പം നിലവിളികൾ പൊങ്ങിയപ്പോഴാണ്, ഇനിയൊരിക്കലും തിരിച്ചു വരാനാവാത്ത വിധം അച്ഛൻ തങ്ങളെ വിട്ടു പോയെന്ന സത്യം അവനു മനസ്സിലായത്. കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഇളയച്ഛന്മാരുടെയും വല്ല്യമ്മമാരുടെയും മുറുമുറുപ്പുകൾ ഉയർന്നതെന്തിനെന്നറിയാതെ അവന്റെ കുഞ്ഞു മനസ്സു വേപഥു പൂണ്ടു.

മക്കളുടെ കൈയും പിടിച്ച് ആ അമ്മ ഇറങ്ങിയത് കുഞ്ഞു സ്വപ്നങ്ങളുടെ മേലെ കറുത്ത തിരശ്ശീലയിട്ടുകൊണ്ടായിരുന്നു.

"അമ്മേ നമ്മുടെ വീട്?.." കിഷോറിന്റെ നാവിൽ നിന്നും ചോദ്യങ്ങൾ ഉയരുംമുമ്പേ ഉയർന്നു തുടങ്ങിയ അമ്മയുടെ കരച്ചിൽ പിന്നീട് ഉപദേശങ്ങളായി വളർന്നു.

"എന്റെ മോൻ പഠിച്ച് വലിയ നിലയിലെത്തണം. എന്നിട്ട് നമുക്കും ഒരു പുതിയ വീട് വെക്കണം. പിന്നെ എന്റെ മോൻ അമ്മയെയും കുഞ്ഞുമോളേയും ഈ വാടക വീട്ടിൽ നിന്നും, നമ്മുടെ

സ്വന്തം വീട്ടിലേക്ക് കൊണ്ടു പോണം " ആരുടെയും ആശ്രയമില്ലാതെ തങ്ങളെ പോറ്റി വളർത്തുന്ന അമ്മയുടെ വാക്കുകൾ അലന്റെ ഉള്ളിൽ തറച്ചു. അച്ഛന്റെ ഓർമ്മകൾക്കൊപ്പം പൊടിഞ്ഞു പോയ പഴയ വീടിന്റെ തറയ്ക്കു പകരം പുതിയ സ്വപ്നങ്ങൾ അവന്റെ ഉള്ളിൽ ചിറകു വിടർത്തി. തനിക്ക് മുന്നിൽ അനാവരണം ചെയ്യപ്പെട്ട സ്വത്തു തർക്കങ്ങൾക്കൊന്നും പിറകേ പോകാതെ അഭിമാനിയായി വളരാൻ ആ അമ്മയുടെ കഷ്ടപ്പാടുകൾ അവനെ പഠിപ്പിച്ചിരുന്നു. പഠനത്തിൽ മിടുക്കനായത് കൊണ്ടുതന്നെ വളരെ വേഗത്തിൽ ഒരു ജോലി സമ്പാദിക്കാൻ അവനു പറ്റി. അല്ല. അവന്റെ അമ്മയുടെ പ്രാർത്ഥനയുടെ ഫലമെന്നും പറയാം.

സ്വന്തമായി വാങ്ങിയ ഭൂമിയിൽ വീടു പണിക്കുള്ള ഏർപ്പാടുകൾ തുടങ്ങിയാണ് പുതിയ ജോലി സ്ഥലത്തേക്ക് വന്നത്. രണ്ടു വർഷമായി. അമ്മയുടെയും കുഞ്ഞുമോളുടെയും മേൽ നോട്ടത്തിൽ വീടു പണി പൂർത്തിയായിട്ടുണ്ട്. തന്റെ മൊബൈൽ ഫോണിലൂടെ വീടിന്റെ ചിത്രങ്ങൾ അവന്റെ മനസ്സിൽ നിറങ്ങൾ ചാർത്തി. നാട്ടിലെത്തി, പുതിയ വീട്ടിൽ താമസമാക്കിയാലുടൻ കുഞ്ഞുമോളുടെ കല്യാണം!ഒരു കാരണവരുടെ ഉത്തരവാദിത്തത്തോടെ ചില കണക്കുകൂട്ടലുകൾ കിഷോറിന്റെ മനസ്സിലുണ്ട്.

സമയം പോയ്ക്കൊണ്ടേയിരുന്നു. ബസിലെ മറ്റു യാത്രക്കാരെല്ലാവരും ഉറക്കത്തിലാണ്. അമ്മയുടെ വാക്കുകളിലൂടെ കേട്ടറിഞ്ഞ 'സ്വന്തം വീട് ' കാണാൻ പോകുന്നതിന്റെ സന്തോഷം അവനിലെ ഉറക്കത്തെക്കെടുത്തി.

അവന്റെ സന്തോഷത്തിനൊപ്പം നൃത്തം വച്ചു കൊണ്ടിരുന്ന മഴത്തുള്ളികൾക്ക് വലുപ്പം കൂടിക്കൂടി വന്നു. പെട്ടെന്ന് ബസ് ബ്രേക്കിട്ടു. യാത്രക്കാരെല്ലാം ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു.

“റോഡിൽ മണ്ണിടിഞ്ഞു വീണിട്ടുണ്ട് ഇനിയീ രാത്രി യാത്ര സാധ്യമല്ല.” ഡ്രൈവറുടെ അഭിപ്രായം കേട്ട കിഷോറിന് ആകെ വെപ്രാളമായി. കുഞ്ഞു നാളുമുതൽ കാത്തിരുന്ന വീടെന്ന സ്വപ്നം മുന്നിൽ യാഥാർത്ഥ്യമാകാൻ നിമിഷങ്ങൾ ബാക്കി നിൽക്കെ...!

“ അമ്മ ഉറങ്ങിയിട്ടുണ്ടാവുമോ ? എന്നാലും സാരമില്ല വിളിച്ചു നോക്കാമെന്നു കരുതി ഫോൺ കൈയിലെടുത്തപ്പോഴാണ് അത് ചാർജ്ജ് തീരാറായിക്കിടക്കുകയാണെന്ന് കിഷോർ ഓർത്തത്. അമ്മയുടെ നമ്പറിലേക്ക് ഡയൽ ചെയ്തെങ്കിലും അത് ഓഫാണ്. വീട്ടിലെ ലാൻഡ് ഫോണിലേക്ക് വിളിച്ചെങ്കിലും അനക്കമില്ല. “ ഛേ” അവൻ അസ്വസ്ഥതയോടെ തല കുടഞ്ഞു.

“നാട്ടിലൊക്കെ നല്ല മഴയാ കറണ്ടില്ലെന്നാ അറിഞ്ഞത് ” പരിചയക്കാരനായ കണ്ടക്ടർ അവനെ സമാധാനിപ്പിച്ചു. മുന്നിലുള്ള മണിക്കൂറുകളെ പ്രാകിക്കൊണ്ട് കിഷോർ കണ്ണുകളടച്ചു കിടന്നു എപ്പൊഴോ ഉറങ്ങിപ്പോയി. എത്ര നേരമുറങ്ങിയെന്ന് അവനു തന്നെ നിശ്ചയമില്ല. കണ്ണു തുറന്നപ്പോഴേക്കും ബസ് നീങ്ങിത്തുടങ്ങിയിരുന്നു. സൂര്യൻ പൊൻപ്രഭ തൂകി വിരിഞ്ഞുകാണുമെന്നു കരുതിയാണവൻ പുറത്തേക്ക് നോക്കിയത്. പക്ഷേ മഴ മേഘങ്ങൾ സൂര്യനെ മറച്ചിരിക്കുകയാണ്.

“ഇനിയങ്ങോട്ട് ബസ് പോകില്ല. മുഴുവൻ വെള്ളം കേറിയിരിക്കുകയാ. ഇറങ്ങി നടന്നോ. ചിലപ്പോ വല്ല വള്ളവും കാണും” ഡ്രൈവറുടെ ആജ്ഞയ്ക്കൊപ്പം എല്ലാവരും ഇറങ്ങി. ഫോൺ ഓഫായിക്കിടക്കുന്നത് കാരണം വാർത്തകളൊന്നുമറിയാതെ അമ്മ വിഷമിക്കുമല്ലോ എന്നാവലാതിപ്പെട്ട് പുറത്തേക്കിറങ്ങി മുന്നോട്ട് നടന്ന കിഷോർ തരിച്ചു നിന്നു പോയി. ചുറ്റും കരകാണാതെ പരന്നു കിടക്കുന്ന പ്രളയജലം, എവിടെ നിന്നൊക്കെയോ നിലവിളികളുയരുന്നു. വെള്ളത്തിന്റെ കുത്തൊഴുക്കിൽ കന്നുകാലികളുടേതുൾപ്പെടെ ജഡങ്ങൾ ഒഴുകി നടക്കുന്നു. അവന്റെ തലച്ചോറിൽ ഒരു കൊള്ളിയാൻ മിന്നി. കയ്യിലുണ്ടായിരുന്ന ബാഗുകളും മറ്റും ഉപേക്ഷിച്ച് , സർവ്വ ശക്തിയും തന്റെ കൈകളിലേക്ക് ആവാഹിച്ച് അവൻ ആഞ്ഞു തുഴഞ്ഞു. "എവിടെയായിരിക്കും തന്റെ അമ്മയും പെങ്ങളും ?” പുഴയായ്ത്തീർന്ന സ്ഥലം ഏതെന്ന് മനസ്സിലാവാതെ പൊട്ടിക്കരഞ്ഞു പോയി കിഷോർ. മനസ്സിന്റെ തളർച്ച കൈകളിലേക്കുമെത്തി കണ്ണുകളിൽ ഇരുട്ട് കനം തൂങ്ങാൻ തുടങ്ങി. ഏതോ കൈകൾ തന്നെ വെള്ളത്തിൽ നിന്നും വള്ളത്തിലേക്ക് കയറ്റിയത് പാതി മയക്കത്തിൽ അവനറിഞ്ഞു.

ആരോ തന്റെ തലയിൽ പതിയെ തലോടുന്നതറിഞ്ഞാണ് അവൻ കണ്ണു തുറന്നത്. തന്നെ ആദ്യക്ഷരങ്ങൾ പഠിപ്പിച്ച വേണു മാഷ് ! കിഷോർ ചാടിയെണീറ്റു. വള്ളം ഏതോ കര ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരിക്കുന്നു.

“മാഷേ എനിക്കങ്ങോട്ടാ പോകേണ്ടത് . എന്റെ അമ്മയും കുഞ്ഞുമോളും..” അവൻ ഏതിർ ദിശയിലേക്ക്


കൈ ചൂണ്ടി. നിർവ്വികാരത തളം കെട്ടിയ തന്റെ കണ്ണുകളെ ലക്ഷ്യമില്ലാതയച്ചു കൊണ്ടാണ് വേണു മാഷ് ഉത്തരം നൽകിയത്.

"എന്തിനാ കുട്ടി അങ്ങോട്ട് പോണത് ? അവിടെയൊന്നും ഇനിയൊന്നും ബാക്കിയില്ല. ഇന്നലെ രാത്രിയിലുണ്ടായ ഉരുൾപൊട്ടലിൽ അവിടത്തെ വീടുകളും മനുഷ്യരും ഒന്നും... " മാഷ് മുഴുമിപ്പിക്കുന്നതിന് മുമ്പേ ഒരാർത്തനാദത്തോടെ കിഷോർ മാഷിന്റെ മടിയിലേക്ക് വീണു. ബോധം തെളിഞ്ഞപ്പോഴേക്കും ഏതോ സ്കൂൾ വരാന്തയിലാണ്. ചുറ്റിനും ക്യാമറയും മൈക്കുകളുമായി ചാനലുകാരും പത്രക്കാരും! ഒരവതാരകൻ തന്റെ വടി പോലുള്ള മൈക്കിലൂടെ ക്യാമറയെ അഭിസംബോധന ചെയ്യുകയാണ്.

" ഇതാ നിങ്ങൾ ഇപ്പോൾ കണ്ടു കൊണ്ടിരിക്കുന്നത്, ഇന്നലെ രാത്രി സ്വന്തം വീടു തേടി നാട്ടിലെത്തിയ കിഷോറിനെയാണ്. അല്പം മുൻപ് നിങ്ങൾകണ്ട ദൃശ്യങ്ങളിലെ അടർന്നു വീണ വീടിന്റെ സ്ലാബിനടിയിൽപ്പെട്ടു പോയ ദേവകിയമ്മയുടെ മകനാണ് കിഷോർ എന്നാണ് നാട്ടുകാരിൽ നിന്നും അറിയാൻ കഴിഞ്ഞ വിവരം."

ചാനലുകാർ വാർത്തകൾ തകർക്കുന്നതിനിടയിൽ പ്രജ്ഞയറ്റതു പോലെ നിൽക്കുകയാണ് കിഷോർ. പൊലിഞ്ഞു വീണ തന്റെ സ്വപ്നങ്ങളുടെ കല്ലറയ്ക്കു മുകളിൽ ഒരു പനിനീർ പുഷ്പമായി കിഷോറും അന്ത്യോപചാരമറിയിച്ചു. അപ്പോൾ ദൂരെയെവിടെയോ ഒരു പൂവൻ കോഴി കൂവി.

അനിത ടി വി





# ദ്രരോത്തെ കുളം

കണ്ണുകളിൽ കനം തൂങ്ങിയ ഉറക്കത്തെ അകറ്റാനെന്നോണം ഗായത്രി, തന്റെ മുന്നിലിരുന്ന ഫയൽ അടച്ച് വച്ച് വാട്സ് ആപ്പിനകത്തേക്ക് കയറി. കുറേയേറെ മെസ്സേജുകൾ. ഓഫീസിലും വീട്ടിലും കിഴിച്ചും കൂട്ടിയുമെടുത്ത കണക്കിന്റെ നൂലാമാലയിൽ തിരസ്കരിക്കപ്പെട്ടവ. എല്ലാം ക്ലിയർ ചാറ്റ് കൊടുത്തപ്പോൾ എന്തൊരു സമാധാനം! വെറുതെയെങ്കിലും സ്റ്റാറ്റസ് വീഡിയോകൾ കണ്ടു കഴിഞ്ഞ് ബാക്കി ജോലി തുടരാം എന്ന് കരുതി. സ്റ്റാറ്റസുകളുടെ കുത്തൊഴുക്കിൽ ഒരു വീഡിയോ കണ്ണു പറിക്കാനാകാതെ നോക്കി നിന്നു പോയി. അയൽ വക്കത്തെ കുട്ടികൾ കുളത്തിൽ നീന്തിത്തുടിക്കുന്നു. പളുങ്കു മണികൾ പോലെ വെള്ളത്തുള്ളികൾ ചിതറിത്തെറിക്കുന്നു.

“ഇതിപ്പോ എവിടെയാ ?”

“രമേഷേട്ടാ ഈ വീഡിയോ ഒന്നു നോക്കിയേ, ഇതേതാ സ്ഥലം ?"

ഉറങ്ങാൻ കിടന്നതേയുണ്ടായിരുന്നുള്ളൂ രമേഷ്

“നിനക്കിനിയും ഉറങ്ങാറായില്ലേ ഗായത്രീ, പാതിരാത്രി മൊബൈലും കുത്തിയിരിക്കുന്നു”

തെല്ലൊരു ദേഷ്യത്തോടെ എഴുന്നേറ്റ് വന്ന രമേഷിന്റെ മുഖം വീഡിയോ കണ്ടതും പൂർണ്ണേന്ദു പോലെ തിളങ്ങി.

“നമ്മുടെ ദാരോത്തെ കുളമല്ലെ ഇത് . ഇത് നമ്മുടെ തൊട്ടപ്പുറത്തല്ലേ. എത്ര വർഷമായെടോ താനീ നാട്ടുകാരിയായിട്ട്, എന്നിട്ടും ഇതൊന്നും അറിയില്ലെന്നു പറഞ്ഞാൽ! കഷ്ടം തന്നെ.”

ദാരോത്തെക്കുളം. ശരിയാണ് തൊട്ടടുത്താണെങ്കിലും ഇതുവരെ കണ്ടിട്ടില്ലായിരുന്നു ഗായത്രി. ആ വഴിക്ക് അവളുടെ ചിന്തയും ശരീരവും പോകേണ്ടതായി വന്നിട്ടേയില്ല. സൂര്യനുദിച്ചാൽ തുടങ്ങുന്ന ഓട്ടമാണ്. ഓഫീസ്, വീട്, കുട്ടികൾ..... അങ്ങനെ ഒരു കുടുംബിനിയുടെ എല്ലാ ഉത്തരവാദിത്തവും തലയിലേറ്റി എന്ന് സ്വയം വിശ്വസിച്ച്... അതിനിടയിൽ എപ്പൊഴൊ എവിടെയോ കേട്ടിരുന്ന ആ പേര് - ദാരോത്തെക്കുളം. കുട്ടികൾ വരി വരിയായി സൈക്കിളിൽ പോകുന്നത് കണ്ടിട്ടുണ്ട്. ‘ഓ അത് കുളത്തിലേക്കാ ' എന്ന് ഒഴുക്കൻ മട്ടിൽ ചിന്തിച്ച താൻ ആ കാഴ്ചയ്ക്ക് അതിനപ്പുറം പ്രാധാന്യം നൽകിയില്ലെന്ന സത്യമോർത്ത് ഗായത്രി ഒന്നു നെടുവീർപ്പിട്ടു.

ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുന്നതിനിടയിൽ അവൾ ചെവിയോർത്തു. കുളത്തിലെ വെള്ളം കവിഞ്ഞൊഴുകുന്ന ശബ്ദം കേൾക്കുന്നുണ്ടോ ? എഴുന്നേറ്റ് വന്ന് പതിയെ ജനാല തുറന്നപ്പോഴേക്കും രമേഷിന്റെ നിയന്ത്രണം വിട്ടു

“നീയിങ്ങനെ ഉറങ്ങാതെ നടന്നോ. നാളെ ഇനി നനഞ്ഞ കോഴിയെപ്പോലാവും നടപ്പ്. അല്ലേലും എന്റെയും കുട്ടികളുടെയും കാര്യത്തിൽ നിനക്കിപ്പോൾ ശ്രദ്ധ കുറഞ്ഞു വരുന്നുണ്ട് ഗായത്രീ..”

വേഗത്തിൽ ജനൽ വലിച്ചടച്ച് ഗായത്രി കണ്ണടച്ച് കിടന്നു. ഓർമ്മകൾ അവളെ പിറകിലേക്ക് വലിച്ചിഴച്ചു. അവിടെ തന്റെ അമ്മയുണ്ട്. കുട്ടിയുടുപ്പിട്ട് കുസൃതി കാട്ടി നടന്ന കൊച്ചു ഗായത്രിക്കുട്ടിയും. തറവാടിന്റെ തൊട്ടടുത്തായിരുന്ന അവളുടെ ഹൃദയമിടിപ്പ് കൂട്ടുന്ന ആ ഭൂതത്താൻ കുളമുണ്ടായിരുന്നത്. അധികം വിസ്താരമില്ലാത്ത ചെറിയ ഒരു കുളം പക്ഷേ ഒരിക്കലും അതിനടുത്തേക്കവൾ പോയിരുന്നില്ല. മഴക്കാലത്ത്, കുളം നിറഞ്ഞ് കവിഞ്ഞൊഴുകുന്ന തോട്ടിലെ മുട്ടോളമെത്തുന്ന വെള്ളത്തിൽ കളിച്ചു തിമിർക്കുമെങ്കിലും കുളം എന്നുമൊരു പേടി സ്വപ്നമായിരുന്നു. അമ്മയുടെ വായിൽ നിന്നുമുതിർന്ന നിറം പിടിപ്പിച്ച ഉറക്കു കഥകളിൽ പലതും ആ കുളത്തെപ്പറ്റിയായിരുന്നു. അതിനിപ്പോ അമ്മയെകുറ്റം

പറഞ്ഞിട്ട കാര്യമൊന്നുമില്ല. കുഞ്ഞുങ്ങളെ വീടിനകത്തു തളച്ചിടാൻ കാർട്ടൂൺ സിനിമയും ടി വി യുമില്ലാത്ത ആ കാലത്ത് ആപത്തൊന്നും കൂടാതെ മക്കളെ വളർത്താൻ ഭയാനക കഥകൾ സൃഷ്ടിക്കാൻ മാത്രമേ അമ്മയ്ക്കും അറിയുമായിരുന്നുള്ളൂ.

പണ്ട് മുത്തശ്ശിയുടെ ആഗ്രഹ പ്രകാരം മുത്തച്ഛനാണത്രേ വീടിനോട് ചേർന്ന് ആ കുളം നിർമ്മിച്ചത്. എന്നാൽ ആദ്യ മഴയ്ക്കു തന്നെ വലിയൊരു ശബ്ദത്തോടെ അത് തകർന്നു. അതിന്റെ പടവുകൾ ചിതറി. തൊട്ടടുത്തുണ്ടായിരുന്ന ഉരുളൻ പാറക്കല്ലുകളിൽ ഒന്ന് അതിനകത്തേക്ക് വീണുവത്രേ! ഇനി മറ്റേ കല്ല് എപ്പോൾ വേണേലും വീഴാം. ഈശ്വരാ... അമ്മയുടെ കഥയിങ്ങനെ നീണ്ടു പരന്നു പോയതോടെ ശരിക്കും ആ പാറക്കല്ല് തന്നെ നോക്കി കണ്ണുരുട്ടുന്നത് പോലെ തോന്നിയിട്ടുണ്ട്. കുളം തന്റെ കൊഴിഞ്ഞ പല്ലുകളുമായി അലറി വിളിക്കുന്നതായും.

കല്യാണം കഴിഞ്ഞ് വരന്റെ കൈയും പിടിച്ചിറങ്ങിയപ്പോഴും അവൾ ഭീതിയോടെ തിരിഞ്ഞു നോക്കിയത് , ആ വലിയ ഉരുളൻ കല്ലിനെ മാടി വിളിക്കുന്ന പൊട്ടക്കുളത്തെ തന്നെയായിരുന്നു. പിന്നീട് ഏകദേശം ഒരു വർഷം കഴിഞ്ഞു കാണും ധീരന്മാരായ അമ്മാവൻമാർ ഭൂതത്താൻക്കുളത്തെയും ഉരുളൻ കല്ലിനെയും വെട്ടി നിരത്തി, വീട്ടു മുറ്റത്തേക്ക് നീളുന്ന

റോഡുണ്ടാക്കി കോൺക്രീറ്റ് ചെയ്തപ്പോൾ തനിക്കുണ്ടായ സന്തോഷം ചില്ലറയൊന്നുമല്ലായിരുന്നു.

" ഇപ്പഴാ ഇവിടൊരൈശ്വര്യം വന്നത്"

അന്ന് താൻ പറഞ്ഞ അഭിപ്രായം കേട്ട് തല കുമ്പിട്ടിരുന്ന അമ്മയുടെ മുഖം ഒരു കടങ്കഥ പോലെ മുന്നിൽ തെളിഞ്ഞപ്പോൾ അവൾ മറ്റൊരു തീരുമാനത്തിലെത്തി. നാളെ ഓഫീസിൽ അവധിയെടുത്ത് നാട്ടിലേക്ക് ഒന്നു പോയി വരാം. അമ്മയുടെ അസ്ഥിത്തറയ്ക്കരികിൽ കുറച്ചു നേരമിരിക്കണം.

രാവിലത്തെ തിരക്കുകളൊന്നൊതുങ്ങിയപ്പോഴാണ് വീണ്ടും തലേന്നാള് കണ്ട വീഡിയോ മനസ്സിലുടക്കിയത്. ഓഫീസിൽ ലീവെടുത്ത സ്ഥിതിക്ക് ഇന്ന് ദാരോത്തെക്കുളം നേരിട്ട് കണ്ടിട്ടേയുള്ളൂ ബാക്കി കാര്യം. മക്കളെയും ഭർത്താവിന് അവരരവരുടെ കർമ്മ മേഖലകളിലേക്കയച്ച്, അയൽക്കാരിയായ വിലാസിനിയേട്ടത്തിയുടെ കൈയും പിടിച്ച് അവൾ ദാരോത്തെ കുളത്തിലേക്ക്..

മനസ്സിനെ ഹഠാതാകർഷിക്കുന്ന ഇലപ്പടർപ്പുകൾക്കും വള്ളിച്ചാർത്തിനുമിടയിൽ അതി സുന്ദരിയായ ദാരോത്തെകുളം. തന്നിലെത്തിയ സൂര്യരശ്മികളെ ഗായത്രിയുടെ കണ്ണിലേക്ക് നീട്ടി അവളുടെ തുറിച്ചു നോട്ടത്തെ ഒട്ടൊരു കുറുമ്പോടെ നേരിടുകയാണ് ജലകണികകൾ. താൻ മുമ്പ് കണ്ടത് പോലെ അരികിൽ വലിയ പാറക്കെട്ടുകളൊന്നുമില്ലാത്ത വളരെ വിസ്തൃതമായ

കുളം. വെള്ളത്തിന്റെ തിളക്കത്തിനിടയിലൂടെ അതിനുള്ളിലെ പടവുകളും അവളെ നോക്കി ചിരിച്ചു. ദാരോത്തെക്കുളത്തിന്റെ സൗന്ദര്യത്തിൽ ലയിച്ച് എത്ര നേരമങ്ങനെ നിന്നുവെന്ന് അവൾക്കു തന്നെ നിശ്ചയമില്ല.


സ്കൂൾ വിട്ടെത്തിയ കുട്ടികൾ ഓരോരുത്തരായി എത്തിത്തുടങ്ങി. സ്വന്തം അമ്മയെകണ്ടതിലേറെ സന്തോഷത്തിൽ ആ കുഞ്ഞുങ്ങൾ കുളത്തിന്റെ മടിത്തട്ടിൽ നീന്തിത്തുടിച്ചു. അതിനിടയിൽ, അഞ്ചാം ക്ലാസ്സുകാരനായ തന്റെ മകനും! ഗായത്രി തെല്ലൊന്നമ്പരന്നു.

'ഇവനും നീന്തലറിയാമോ, ഇതൊക്കെ എങ്ങനെ..? ' താനിത്രയും നാൾ ഏത് മൂഢ സ്വർഗ്ഗത്തിലായിരുന്നുവെന്ന് ഓർക്കാൻ പോലും അവളിപ്പോൾ ആഗ്രഹിച്ചിരുന്നില്ല.

നിഷ്കളങ്കരായ ആ കുഞ്ഞുങ്ങളെപ്പോലെ കുളത്തിന്റെ മടിത്തട്ടിൽ നീന്തിത്തുടിക്കാൻ പറ്റിയിരുന്നെങ്കിൽ.... മനസ്സിങ്ങനെ വെറിപൂണ്ടു ചാടുമ്പോഴാണ് രമേഷേട്ടന്റെ പ്രഖ്യാപനം

" നമ്മുടെ പഞ്ചായത്തിലെ എല്ലാവരും നീന്തൽ പഠിക്കണമെന്നാണ് മെമ്പർ പറഞ്ഞിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിനെ സമ്പൂർണ്ണ നീന്തൽ ഗ്രാമമായി പ്രഖ്യാപിക്കണമത്രെ."

മിഠായി കിട്ടിയ കൊച്ചു കുഞ്ഞിനെപ്പോലെ ഗായത്രിയുടെ മനസ്സ് തുള്ളിച്ചാടി. പഠിപ്പിക്കാനുള്ള ആൾക്കാരെയൊക്കെ





കലാസമിതിക്കാര് ഏർപ്പാട് ചെയ്തിട്ടുണ്ടെന്ന് കേട്ട് സന്തോഷം കൊണ്ടവളുടെ കണ്ണ് നിറഞ്ഞു പോയി. ചുരുങ്ങിയ നാളുകൾ കൊണ്ട്, വിട്ടു പിരിയാനാകാത്ത വിധം പ്രണയിച്ച പോയ തന്റെ ദാരോത്തെക്കുളത്തിനു വേണ്ടി മാത്രം അവൾ ഓഫീസിലേക്ക് അവധിക്കത്തുകളയച്ചുകൊണ്ടിരുന്നു.

കുളത്തിലിറങ്ങിയപ്പോൾ തന്റെ പാദങ്ങളിൽ ഇക്കിളിയിട്ട് ചിരിപ്പിച്ചു കൊണ്ടിരുന്ന ഓളങ്ങളെ അവൾ വേഗം വരുതിയിലാക്കി. ഓളപ്പരപ്പിന്റെ മർമ്മരങ്ങൾ അവളോട് സംവദിക്കുവാൻ തുടങ്ങി.

വേനൽ കനത്തതോടെ കുളം ശോഷിച്ചു തുടങ്ങി. കുട്ടികളുടെയും കിളികളുടെയും കളിചിരികൾ അകന്നുവെങ്കിലും ഗായത്രിയുടെ നിസ്വനങ്ങൾ ദാരോത്തെക്കുളത്തിനുണർവ്വ് നൽകി. മഴ പെയ്യാനായി ദിവസങ്ങളെണ്ണിയുള്ള കാത്തിരിപ്പ്. .... ഇടവപ്പാതി തകർത്തു പെയ്തു. തെയ്യത്തിന്റെയും കാവുകളുടെയും കഥയുമായി ദാരോത്തെക്കുളം പൂർവ്വാധികം സുന്ദരിയായി അണിഞ്ഞൊരുങ്ങി. പതിവു പോലെ നീന്തിത്തുടിച്ച് അവൾ കരയിലേക്ക് കയറിയപ്പോൾ ഇക്കിളിയിടാതെ, ഓളങ്ങൾ വിതുമ്പാൻ തുടങ്ങി. ചോദ്യഭാവത്തിൽ അവളാ ജലതരംഗങ്ങളെ നോക്കി.

“എനിക്കിനിയും ജീവിക്കണം....”

അവ ഗായത്രിയുടെ കാലിൽ കെട്ടിപ്പിടിച്ച കരഞ്ഞു. തന്റെ പാദങ്ങളിൽ തല തല്ലിക്കരയുന്ന പളുങ്കുമണികൾക്കു മുന്നിൽ പകച്ച നിന്നപ്പോഴേക്കും ജെസിബിയുടെ ഇരമ്പം അവളുടെ കാത് തുളച്ചു. വല്ലാത്തൊരു ഞെട്ടലോടെ അവൾ റോഡിലേക്കോടി. റോഡരുകിൽ ആ മണ്ണ മാന്തിയന്ത്രത്തിനെ നോക്കി ദീർഘ നിശ്വാസം പൊഴിക്കുന്ന വൃദ്ധ നയനങ്ങൾ , കൗതുകത്തോടെ നിൽക്കുന്ന കുഞ്ഞു നയനങ്ങളും.


" അരുതേ..." അലറിക്കരഞ്ഞു കൊണ്ട് അവൾ അങ്ങോട്ടോടി.

"ഇവൾക്കിതെന്തിന്റെ കേടാ?" കണ്ടു നിന്നവർ മൂക്കത്തു വിരൽ വച്ചു.

" എല്ലായിടത്തുമുണ്ടാവും വികസനം വരുന്നതും നാടു നന്നാവുന്നതും തടയാൻ ഇതു പോലെ ചിലർ"

പൗര പ്രമുഖരിലൊരാൾ ഒച്ചയെടുത്തു. ദാരോത്തെകുളം ജെ സി ബി യുടെ ഇരുമ്പു കൈകളിൽ കോർക്കപ്പെട്ടു കഴിഞ്ഞു. ജീവശ്വാസത്തിനു വേണ്ടിയുള്ള അതിന്റെ അവസാന പിടച്ചിൽ കണ്ടു നിൽക്കാനാവാതെയെന്നോണം ഗായത്രി കണ്ണുകൾ ഇറുക്കിയടച്ചു. കുളത്തിന്റെ അവസാന പിടച്ചലിൽ മനം നൊന്തിട്ടെന്നോണം മാനത്തുറി നിന്ന ഒരു തുള്ളി പതിയെ പിടിവിട്ട് താഴേക്ക് പതിച്ചു.

അനിത ടി വി





# ഇരുളകറ്റുക ...

**അർക്കനാവുക സൂര്യനാവുക**

**ഇരുളകറ്റിടും ജ്യോതിസ്സാവുക**

**അന്ധകാരം നിറഞ്ഞു നിൽക്കുമാ**

**കണ്ണിലേക്കു നാം പ്രഭ ചൊരിയുക**

**തമസ്സുനിറഞ്ഞൊരി**

**ഭുവിലായൊരു തിരി കൊളുത്തുക**

**താമസംവിനാ**

**മദം നിറഞ്ഞൊരു മാനസത്തെ**

**അടക്കി നിർത്തിടും ശക്തിയാവുക**

**വിരല് ചൂണ്ടുക**

**ചോദ്യമാവുക**

**ഉത്തരങ്ങൾ തൻ അഗ്നിയാവുക**

**ഇരുളകറ്റുക ഇരുളകറ്റുക**

**കൈകൾ കോർത്തു പിടിച്ചു നാം**

**ഇന്ത്യയെന്നൊരു സ്നേഹ ഭൂവിൻ**

**മക്കളല്ലോ ഓർക്ക നാം**

**വിഭജനത്തിൻ കാലമെന്നേ കഴിഞ്ഞു പോയത് ഓർക്ക നാം**

**ഇനിയും വേണ്ടൊരു വിഭജനവും**

**വിഭജനത്തിന്റെ സന്തതിയും**

**ഇനി മുറിക്കില്ല ഇന്ത്യയെ നാം...**

**വീണ്ടും മറ്റൊരു പാകിസ്ഥാനും...**

**വേണ്ട ജിന്നകൾ ഇനിയിവിടെ**

**വേണ്ട ബംഗ്ലാദേശുകൾ**

**ഇരുളകറ്റുക ഇരുളകറ്റുക**

**കൈകൾ കോർത്തു പിടിച്ചു നാം**


**(ദിലീപ് കുമാർ)**

# ശരശയ്യ



യൗവനം തളയ്ക്കപ്പെട്ടൊരെൻ
കിടപ്പറയിൽ
ഉറക്കം വരാത്ത രാത്രികളിൽ
ഞാൻ തിരുഞ്ഞും മറിഞ്ഞും
കിടക്കവേ
ചുറ്റും കൂർക്കം വലിയുടെ
അപശബ്ദം മാത്രം
മെല്ലെ പുറത്തേക്കിറങ്ങിയ ഞാൻ
നീല നിലാവിനെ തെകലാണ് നോക്കി
അതെതോ കാർമേഘത്തിനുള്ളിൽ
എങ്ങോ പോയ് മറഞ്ഞു
പിന്നെ ഞാൻ ഇരുട്ടത്ത്
തപ്പി തടയവേ
ചുറ്റും ചീവീടിൻ ചിലമ്പിച്ച
ഒരൊച്ച മാത്രം
പേടിച്ചറണ്ട ഞാൻ
എന്റെ ശരശയ്യയിൽ തന്നെ
അഭയത്തിനായി പ്രാപിച്ചു
കൊള്ളുന്നു

രാഹുൽ





**ചിത്രങ്ങൾ**

# ജിമ്പിൽ വരച്ച ചിത്രങ്ങൾ




Pranay P P




Pranay P P



Vishal K V



Mubashir C P



ALLONS-Y

# പെൻസിൽചിത്രങ്ങൾ

*Akash krishna M*









GBHSS CHERUKUNNU

# LITTLE KITES


# Unit G.B.H.S.S



# ചാമ്പ്യൻമാർ

*മാടായി ഉപജില്ല ഐ ടി മേളയിൽ തുടർച്ചയായി പതിനൊന്ന് വർഷം ചാമ്പ്യൻമാരാണ് ജി. ബി. എച്ച്. എസ്. എസ്. IT ടീം.*

*ഈ വർഷത്തെ ഹൈസ്കൂൾ IT മേള ചാമ്പ്യൻമാർ*



*കണ്ണൂർ ജില്ലാ ശാസ്ത്രമേളയിലെ ഐ. ടി മേളയിൽ ഹൈസ്കൂൾ തലത്തിൽ ഓവറോൾ സ്ഥാനം കരസ്ഥമാക്കിയ ടീം.*

## സംസ്ഥാന ശാസ്ത്രമേളയിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ചവർ

അമൽ കൃഷ്ണ (അനിമേഷൻ)

നവനീത് കുമാർ പി വി (മലയാളം

ടൈപ്പിംഗ് & രൂപകല്പനയും)



# പണിപ്പുരയിൽ








THANK
YOU